"വെള്ളപ്പൊക്കത്തിനു ശേഷം ഉള്ള ആരോഗ്യ നിർദേശങ്ങൾ -

വെള്ളം ഇറങ്ങി തുടങ്ങിയതോടെ ആളുകൾ വീടുകളിലേക്ക് തിരിച്ചു പോകാൻ ഉള്ള ശ്രമങ്ങൾ തുടങ്ങി. അതോടു കൂടി ഏറ്റവും കൂടുതൽ ആളുകൾ വിളിച്ചു അന്വേഷിച്ചത് വീട് വൃത്തി ആക്കാൻ ഡെറ്റോൾ കിട്ടുമോ എന്നത് ആണ്. ഡെറ്റോൾ എന്നത് മണം കൊണ്ട് നല്ലത് ആണെങ്കിലും ശക്തം ആയ ഒരു അണുനശീകരണ ഉപാധി അല്ല എന്ന് നാം തിരിച്ചറിയണം. അൽപം ദുർഗന്ധം ഉണ്ടെങ്കിലും, വെള്ളപൊക്കത്തിനു ശേഷം ജലം ശുദ്ധീകരിക്കാനും, വീടുകൾ അണു വിമുക്തം ആക്കാനും ഏറ്റവും നല്ല മാർഗം ക്ലോറിനേഷൻ തന്നെ ആണ്. ബ്ലീച്ചിംഗ് പൌഡർ ഉപയോഗിച്ച് വീടുകളിൽ തന്നെ എങ്ങിനെ അണുനശീകരണം നടത്താം എന്ന് ചുവടെ വിവരിക്കുന്നു.

*കിണറിലെ വെള്ളം ശുദ്ധീകരിക്കുന്ന രീതി*

1. സാധാരണ വാങ്ങാൻ ലഭിക്കുന്ന ബ്ലീച്ചിംഗ് പൌഡറിൽ 30 മുതൽ 40 ശതമാനം വരെ ആണ് ക്ലോറിന്റെ അളവ്. 33% ക്ലോറിൻ ഉണ്ട് എന്ന നിഗമനത്തിൽ ആണ് ഇനി പറയുന്ന അളവുകൾ നിർദേശിക്കുന്നത്.
2. കിണറിലെ വെള്ളത്തിന്റെ അളവ് ആദ്യം നമ്മൾ കണക്കാക്കണം. അതിനു ആദ്യം കിണറിന്റെ വ്യാസം മീറ്ററിൽ കണക്കാക്കുക (D). തുടർന്ന് ബക്കറ്റ് കിണറിന്റെ ഏറ്റവും അടിയിൽ വരെ ഇറക്കി നിലവിൽ ഉള്ള വെള്ളത്തിന്റെ ആഴം മീറ്ററിൽ കണക്കാക്കുക (H)
വെള്ളത്തിന്റെ അളവ് = 3.14 x D x D x H x 250 ലിറ്റർ

3. സാധാരണ ക്ലോറിനേഷൻ നടത്താൻ 1000 ലിറ്ററിന് 2.5 ഗ്രാം ബ്ലീച്ചിംഗ് പൌഡർ ആണ് ആവശ്യം വരിക. എന്നാൽ വെള്ളപ്പൊക്കത്തിനു ശേഷം വെള്ളം അതീവ മലിനം ആയിരിക്കും എന്നത് കൊണ്ട് സൂപ്പർ ക്ലോറിനേഷൻ നടത്തേണ്ടതുണ്ട്. ഇതിനായി 1000 ലിറ്ററിന് 5 ഗ്രാം (ഏകദേശം ഒരു ടീസ്പൂൺ കൂമ്പാരം ആയി) ബ്ലീച്ചിംഗ് പൌഡർ ആണ് ആവശ്യം.
4. വെള്ളത്തിന്റെ അളവ് വച്ച് ആവശ്യം ആയ ബ്ലീച്ചിംഗ് പൌഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിൽ എടുക്കുക. ഇതിൽ അല്പം വെള്ളം ചേർത്ത് കുഴമ്പ് പരുവത്തിൽ ആക്കുക. നന്നായി കുഴമ്പ് ആയ ശേഷം ബക്കറിന്റെ മുക്കാൽ ഭാഗം വെള്ളം ഒഴിച്ച് ഇളക്കുക. ശേഷം ബക്കറ്റ് 10 മിനിറ്റ് അനക്കാതെ വെക്കുക
5. 10 മിനിറ്റ് കഴിയുമ്പോൾ ലായനിയിലെ ചുണ്ണാമ്പ് അടിയിൽ അടിയും. മുകളിൽ ഉള്ള വെള്ളത്തിൽ ക്ലോറിൻ ലയിച്ചു ചേർന്നിരിക്കും. വെള്ളം കോരുന്ന ബക്കറ്റിലേക്ക് ഈ തെളി ഒഴിച്ച ശേഷം ബക്കറ്റ് കിണറിന്റെ ഏറ്റവും അടിയിലേക്ക് ഇറക്കി പൊക്കുകയും താഴ്ത്തുകയും ചെയ്തു വെള്ളത്തിൽ ക്ലോറിൻ ലായനി നന്നായി കലർത്തുക.
6. 1 മണിക്കൂർ സമയം വെള്ളം അനക്കാതെ വച്ച ശേഷം കിണറിലെ വെള്ളം ഉപയോഗിച്ച് തുടങ്ങാം.

*തയ്യാറാക്കിയത്: ഡോ. വി. ജിതേഷ്*
സൂപ്രണ്ട്, ജില്ല ആശുപത്രി, മാനന്തവാടി